(12) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സംഘടനാസ്വാതന്ത്ര്യം

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർ കഴിഞ്ഞ മൂന്നര പതിറ്റാണ്ടായി അനുഭവിച്ചുവരുന്ന സംഘടനാ സ്വാതന്ത്ര്യം നിലനിറുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ന് അസംബ്ലി കോംപ്ലക്സിലേയ്ക്ക് മാർച്ച് നടത്തുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1965 മുതൽ ട്രേഡ് യൂണിയൻ ആക്ടനുസരിച്ച് ക്ഷേത്ര ജീവനക്കാരുടെ സംഘടന പ്രവർത്തിച്ചുവരികയായിരുന്നു. കേരളം കണ്ട പ്രഗൽഭ നേതാക്കന്മാരായ ശ്രീകണ്ഠൻനായർ, ടി.കെ. ദിവാകരൻ തുടങ്ങിയ നേതാക്കന്മാർ നയിച്ചതാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് എംപ്ലോയീസ് യൂണിയൻ. ആറായിരത്തോളം ജീവനക്കാരുള്ള ദേവസ്വം ബോർഡിൽ കഴിഞ്ഞ മൂന്നര പതിറ്റാണ്ടിനിടയ്ക്ക് നിരവധി സമരങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ ക്ഷേത്രങ്ങൾ അടച്ചുപൂട്ടാനോ, ക്ഷേത്ര ആചാരാനുഷ്ഠാനങ്ങൾക്കു കോട്ടം തട്ടാനോ, ക്ഷേത്ര വിശ്വാസികളുടെ താൽപ്പര്യങ്ങൾക്കെതിരായ തീരുമാനം ഉണ്ടായിട്ടില്ല. ഇന്ന് ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നര പതിറ്റാണ്ടായി ക്ഷേത്ര ജീവനക്കാർ അനുഭവിച്ചുവന്നിരുന്ന സംഘടനാ സ്വാതന്ത്ര്യം നിരോധിക്കപ്പെട്ടിരിക്കുകയാണ്. ഇന്ന് സൂര്യനു താഴെയുള്ള ഏതു വിഷയത്തെക്കുറിച്ചും അവസാനവാക്കു പറയാനുള്ള അധികാരം കോടതികൾക്കാണെന്ന നിലയിൽ വന്നിരിക്കുന്നു. ഇത് അപകടകരമാണ്. പാർലമെന്ററി സംവിധാനത്തിൽ ലെജിസ്ലേച്ചറിനും എക്സിക്യൂട്ടീവിനും ജുഡീഷ്യറിക്കുമൊക്കെ പ്രത്യേക അധികാരങ്ങളുണ്ട്. ഇന്ന് കോടതികൾ ലെജിസ്ലേച്ചറിന്റേയും എക്സിക്യൂട്ടീവിന്റേയും അധികാരങ്ങളിൽ പ്പോലും കൈകടത്തുന്നില്ലേ? കൈകടത്തുന്ന തരത്തിൽ കോടതികൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇത് ഒരു പരിധിവരെ നമ്മുടെ എക്സിക്യൂട്ടീവിന്റെ കഴിവില്ലായ്മയും പിടിപ്പുകേടും ആണെന്നുപറയാൻ ഞാൻ മടിക്കുന്നില്ല. എക്സിക്യൂട്ടീവ് എടുക്കേണ്ട തീരുമാനങ്ങളെടുക്കാതെ അത് കോടതിക്ക് വിടുകയാണ്. അങ്ങനെ കോടതിക്ക് വിടുന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ എന്തിനെക്കുറിച്ചും തീരുമാനമെടുക്കുന്നത് കോടതികളാണെന്ന നിലയിൽ വളരെ അപകടകരമായ സാഹചര്യം വന്നിരിക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മൂന്നരപതിറ്റാണ്ടുകാലമായി തൊഴിലാളികൾ ട്രേഡു യൂണിയൻ ആക്ടനുസരിച്ച് പ്രവർത്തിച്ചിരുന്നു. ഇന്ന് ആ സംഘടനാ സ്വാതന്ത്ര്യം ഹൈക്കോടതി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ മരവിപ്പിച്ചിരിക്കുകയാണ്. അടിച്ചുതളി മുതൽ ശാന്തിക്കാർ വരെയുള്ള അവിടെയുള്ള ഉദ്യോഗസ്ഥന്മാർ ഒരു യൂണിയനിലേ ആകാൻ പാടുള്ളൂ. അത് വെളിയിൽ നിന്ന് ആകാനും പാടില്ലായെന്ന തരത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുന്നത് സർ.സി.പി.യുടെ കാലത്തുപോലും നടക്കാത്ത ഒരു കാര്യം -കേരളത്തിൽ തൊഴിലാളി വർഗ്ഗത്തിനു നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ തൊഴിലാളികൾ എണ്ണമറ്റ സമരത്തിലൂടെ നേടിയെടുത്ത് കൂട്ടായ അവകാശങ്ങൾ നിഷേധിക്കുന്നത് ശരിയല്ല. അതുകൊണ്ട് കോടതിയുടെ ഉത്തരവിനെപ്പോലും മറികടക്കാൻ കഴിയുന്ന തരത്തിൽ ഒരു നിയമനിർമ്മാണം കൊണ്ടുവന്ന് ഈ സംഘടനാ സ്വാതന്ത്ര്യം നിലനിറുത്താൻ ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതുസംബന്ധിച്ച് ശ്രീ. എം. മുരളിയും ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ.എ. നീലലോഹിതദാസൻ നാടാർ) : ബഹുമാനപ്പെട്ട പ്രൊഫ. എ.വി. താമരാക്ഷൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ പ്രശ്നങ്ങൾക്ക് രണ്ടു വശങ്ങളുണ്ട്. അതിന് എഴുതി തയ്യാറാക്കിയ മറുപടിയുണ്ട്. അത് ആദ്യം വായിക്കാം. അതുകഴിഞ്ഞ് കാര്യങ്ങൾ പറയാം. 1950-ലെ തിരുവിതാംകൂർ കൊച്ചി ഹിന്ദു മത സ്ഥാപനങ്ങൾ നിയമത്തിലെ സെക്ഷൻ 35 അനുസരിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളെപ്പറ്റിയുള്ള ചില ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡുകളെപ്പറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ 1990-ൽ ഒരു ഹൈപവർ കമ്മിഷനെ (വി.രാമചന്ദ്രൻ. കമ്മിഷൻ) ഹൈക്കോടതി നിയമിച്ചു. ഈ കമ്മിഷൻ റിപ്പോർട്ടിൽ ദേവസ്വം ബോർഡുകളിലെ സർവ്വീസ് സംഘടനകളിലെ രാഷ്ട്രീയം നിരോധിക്കണമെന്നും ദേവസ്വം ബോർഡിൽ എല്ലാ കാറ്റഗറികൾക്കുംകൂടി ഒറ്റ സംഘടനയേ പാടുള്ളൂവെന്നും സൂചിപ്പിച്ചിരുന്നു. ഈ റിപ്പോർട്ട് ഒ.പി. 3821/90 ലെ 10.4.98-ലെ വിധിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിക്കുകയും ക്ഷേത്രങ്ങളിലോ, ക്ഷേത്ര പരിസരത്തോ വ്യവസായ ശാലകളിലെ പോലെ ട്രേഡ് യൂണിയൻ പോലെയുള്ള സമ്പ്രദായം പ്രവർത്തിക്കാൻ പാടില്ലായെന്നും, രാഷ്ട്രീയ നേതാക്കൾ യൂണിയനുകളുടെ അംഗീകാരം പിൻവലിക്കണമെന്നും എല്ലാ കാറ്റഗറികൾക്കും കൂടി ഒരു അസോസിയേഷനേ പാടുള്ളൂവെന്നും ഉത്തരവായിരിക്കുന്നു. ഈ വിധിക്കെതിരെ സർവ്വീസ് സംഘടനകൾ സുപ്രീം കോടതിയെ സമീപിച്ചു. സിവിൽ അപ്പീൽ നം. 808/93, 18.3.1999-ലെ വിധിയിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഹൈക്കോടതിയുടെ വിധി ശരിവച്ചു. അതനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ സർവീസ് അസോസിയേഷനുവേണ്ടി റൂൾസ് പുറപ്പെടുവിക്കാൻ തീരുമാനിക്കുകയും, ആക്ടനുസരിച്ച് വേണ്ടതായ കരടുവിജ്ഞാപനം ആക്ഷേപാഭിപ്രായങ്ങൾക്കായി ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. സമയപരിധിക്കുള്ളിൽ അഭിപ്രായങ്ങളൊന്നും ലഭിക്കാത്തതിനാൽ അവസാന വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തുവെന്നാണ് റിപ്പോർട്ട്. അതല്ല ശരിയായ രീതിയിൽ സമയം കിട്ടിയില്ലായെന്ന് വേറൊരു വാദഗതിയും നിലനിൽക്കുന്നുണ്ട്. ചട്ടങ്ങൾ 7.9.99-ലെ ഉത്തരവനുസരിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിക്കുകയും ചെയ്തു. ചട്ടങ്ങൾ 5.10.99-ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളനുസരിച്ച് ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു അസോസിയേഷൻ മാത്രമേ പാടുള്ളൂ. ഈ ചട്ടങ്ങൾക്കെതിരായി വിവിധ സംഘടനകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും കോടതി ചട്ടങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശിക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിലുള്ള ട്രേഡ് യൂണിയനുകളുടെ അംഗീകാരം പിൻവലിക്കുന്നതിന് പ്രസ്തുത യൂണിയനുകൾ കൈവശം വച്ചിരിക്കുന്ന കെട്ടിടവും സ്ഥലവുമെല്ലാം ബോർഡിന് തിരിച്ച്ലഭിക്കുന്നതിനും കോടതി ഉത്തരവായിട്ടുണ്ട്. ദേവസ്വം ബോർഡ് ആവശ്യപ്പെട്ടാൽ ഇതിനായി പോലീസിന്റെ ആവശ്യമായ സഹായം നൽകണമെന്നും കോടതി ഉത്തരവായിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പുറപ്പെടുവിച്ച ചട്ടങ്ങൾ ഹൈക്കോടതിയുടേയും സുപ്രീം കോടതിയുടേയും വിധികൾക്കനുസൃതമാകയാൽ സർക്കാരിന് ഇന്നത്തെ സ്ഥിതിയിൽ ഇടപെടാൻ അധികാരമില്ല. മാത്രമല്ല 1950-ലെ ആക്ടനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം ദേവസ്വം

LIBRARY ARCHIVES Kerala Legislative Assembly

ബോർഡുകൾക്കാണ്. ഇതാണ് ഇതിന്റെ പൊതുവായ സ്ഥിതി. പക്ഷേ ബഹു മാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ സ്ഥാപനത്തിൽ തൊഴിലാളി സംഘടന എങ്ങനെ പ്രവർത്തിക്കണം, ആരൊക്കെ നേതാക്കന്മാരായിരി ക്കണം, സർവ്വീസ് സംഘടനകൾ എത്ര വേണമെന്നൊക്കെ തീരുമാനിക്കേ ണ്ടത് ആരെന്നതാണ് പ്രശ്നം. ഇത് വളരെ ഗൗരവമായി ഉന്നതതലത്തിൽ, അങ്ങും, ഈ സഭയിലെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവരടക്കം നമ്മുടെ രാഷ്ട്രീയഭരണ നേതൃത്വങ്ങളും ബഹുജനസംഘടനകളും ഗൗരവ മായി കാണേണ്ട പ്രശ്നമാണ്. ഇത് തിരുവിതാംകൂർ ദേവസ്വം ബോർഡി നാണ് ഉണ്ടായിട്ടുള്ളതെങ്കിൽ നാളെ അത് മറ്റ് ഏതു സ്ഥാപനത്തെ സംബന്ധി ച്ചുമുണ്ടാകും. അതുകൊണ്ട് നമ്മുടെ നാട്ടിലെ തൊഴിലാളി പ്രസ്ഥാനങ്ങൾ മറ്റു ബഹുജനസംഘടനകൾ, രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ, നിയമസഭാ സാമാജികർ ഒക്കെത്തന്നെ ഇതിനെ ഗൗരവമായി കാണുകയും ഈ പ്രശ്നം ചർച്ചചെയ്യുകയും വേണം. ഏതായാലും ഇതനുസരിച്ച് ചില ചർച്ചകൾ ആരം ഭിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുന്നതാണ്.

(13) 27.9.99-ൽ ഉണ്ടാക്കിയ അന്തർ സംസ്ഥാന ട്രാൻസ്പോർട്ട് എഗ്രി മെന്റിന്റെ പുനഃപരിശോധന

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നമ്മുടെ സംസ്ഥാനത്ത് ട്രാൻസ്പോർട്ടിന് വളരെയധികം ദോഷം ചെയ്യുന്ന ഒരുകാര്യം ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയു ടേയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. 27.9.99-ൽ ഗവൺമെന്റ് ഗസറ്റ് നോട്ടിഫിക്കേഷനിൽക്കൂടി പ്രാബല്യത്തിൽ വന്നിരിക്കുന്ന തമിഴ്നാട് ഗവൺമെന്റും കേരള ഗവൺമെന്റും തമ്മിലുണ്ടാക്കിയ ഇന്റർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസിനെ സംബന്ധിച്ചു ണ്ടാക്കിയ കരാർ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് കടകവിരുദ്ധമാ ണ്. കഴിഞ്ഞ ഗവൺമെന്റ് ശ്രീ. ആർ.ബാലകൃഷ്ണപിള്ള ട്രാൻപോർട്ട് വകു പ്പുമന്ത്രിയായിരുന്ന കാലത്ത് ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകളൊക്കെ മാറ്റി മറിച്ചിരിക്കുന്നു. ശ്രീ. പി.ആർ. കുറുപ്പ് ഗതാഗതവകുപ്പുമന്ത്രി എന്ന നിലയിൽ 23.11.1996-ൽ ഒരു കത്തയച്ചു. ജയലളിത ട്രാൻസ്പോർട്ട് കോർപ്പറേഷൻ സംസ്ഥാന ഗവൺമെന്റുമായിട്ട് ഉണ്ടാക്കാനയച്ച ആ കരടുനിർദ്ദേശങ്ങൾ ഞങ്ങൾക്ക് സ്വീകര്യമില്ല എന്നും അവസാനം നമ്മുടെ നിർദ്ദേശങ്ങളുമാണ് ആ കത്തിൽ പറഞ്ഞിരിക്കുന്നത്. "The proposal envisaged by JJTC in 3/96 could not be finalised because of the hurdles faced in violating the above principles." ഇന്നയിന്ന കാരണങ്ങൾ കൊണ്ട് സാധ്യമല്ലായെന്ന് പറഞ്ഞെഴുതി യത് അതേ വ്യവസ്ഥകൾ വച്ച് ഇന്നിപ്പോൾ എഗ്രിമെന്റ് വച്ചിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് ഒരു വർഷം ഏറ്റവും കുറഞ്ഞത് 6 കോടി രൂപയെങ്കിലും നഷ്ടം വരുമെന്ന് കണക്കാക്കിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം ആരു സംരക്ഷിക്കും?. മന്ത്രി ഇങ്ങനെ എഴുതി യിട്ട് പിന്നെ ക്യാബിനറ്റ് അത് തിരുത്തിയോ? ഇല്ലല്ലോ? അപ്പോൾ ആരാണ് ഇത് ചെയ്തിരിക്കുന്നത്? ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാ നുള്ളത് അങ്ങ് ഈ കാര്യത്തിൽ ഇടപെടണം. എഗ്രിമെന്റ് മാത്രമല്ല എഗ്രി മെന്റനുസരിച്ചുള്ള ട്രിപ്പു നടത്തുന്ന കാര്യത്തിലും തമിഴ്നാട് ഗവൺമെന്റ് പല വിധത്തിലുള്ള തന്ത്രങ്ങൾ മെനയുന്നു. നമ്മൾ അത് നോക്കിനിൽക്കുന്നു. ഞാൻ ഒരൊറ്റ ഉദാഹരണം പറയാം. വേളാങ്കണ്ണി. കൊല്ലം റൂട്ടിൽ ഒരു ബസ്സിന് പെർമിറ്റ് കൊടുത്തിട്ടുണ്ട്. കൊല്ലത്ത് വന്നുപോകുന്ന വണ്ടി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly